I/89254/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ. പ്രിയങ്ക.ജി.ഐ.എ.എസ്)**

വിഷയം:- വനിതശിശുവികസന വകുപ്പ് – ജീവനക്കാര്യം-വകുപ്പിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ(പി)നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014
2. സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014
3. സ.ഉ(പി)നം. 16/2019/ഉ.ഭ.പ.വ തീയതി 28/05/2015
4. സ.ഉ(പി)നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019
5. G.O(P) NO 4/2020/P&ARD Dt 22/01/2020
6. സ.ഉ(അച്ചടി) നം 6/2022/ഉ.ഭ.പ.വ തീയതി 21/07/2022
7. വനിത ശിശു വികസന ഡയറക്ടറുടെ 05/10/2021 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്
8. വനിത ശിശു വികസന ഡയറക്ടറുടെ 02/02/2023 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്
9. വനിത ശിശു വികസന ഡയറക്ടറുടെ 14/02/2023 തീയതിയിലെ DWCD/2795/2022-E4 നമ്പർ പരിപത്രം
10. വനിത ശിശു വികസന ഡയറക്ടറുടെ 10/03/2023 ലെ DWCD/2795/2022-E4 നമ്പർ പരിപത്രം
11. വനിത ശിശു വികസന ഡയറക്ടറുടെ 20/03/2023 ലെ DWCD/2795/2022-E4 നമ്പർ പരിപത്രം

**ഉത്തരവ് നം. DWCD/2795/2022-E4** **തീയതി: 27-03-2023**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലർക്ക്, എൽഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേയ്ക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം 1 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീനക്കാരുടെ ബൈ ട്രാൻസ്ഫർ നിയമനത്തിനായി സംസ്ഥാന തലത്തിൽ വകുപ്പിൽ നിലവിലുള്ള എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ 10% ഈ വിഭാഗത്തിനായി മാറ്റി വയ്ക്കേണ്ടതുണ്ട്.

വനിതശിശുവികസന വകുപ്പിൽ അനുവദിക്കപ്പെട്ട എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ എണ്ണം 30 ആണ്. ആയതിന്റെ 10% പരിഗണിച്ച് 3 തസ്തികകളിൽ ബൈ ട്രാൻസ്ഫർ നിയമനം അനുവദിക്കാവുന്നതാണ് .വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുണ്ടായ ആകെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ 3 ഒഴിവുകൾ തസ്തിക മാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്.

I/89254/2023

ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റത്തിന് പരാമർശം(7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജീവനക്കാരെ ഉൾപ്പെടുത്തിയും അന്തർ ജില്ലാ/ അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി പുനക്രമീകരിച്ചും സംസ്ഥാന തല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം(8) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റത്തിനാവശ്യമായ നിശ്ചിത യോഗ്യത (Lower grade Certificate in English Type Writing(KGTE) and Computer word Processing or its equivalent, Lower grade Certificate in Type Writing Malayalam(KGTE) നേടിയിട്ടുള്ള ജീവനക്കാർ അപേക്ഷ/ഓപ്ഷൻ സമർപ്പിക്കാൻ പരാമർശം(9) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 11 അപേക്ഷകൾ പരിശോധിച്ച് നിശ്ചിത യോഗ്യത നേടിയിട്ടുള്ള 7 ജീവനക്കാരുടെ അപേക്ഷകൾ ക്രോഡീകരിച്ച് പരാമർശം(10) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ ആക്ഷേപങ്ങളൊന്നും ലഭ്യമായിരുന്നില്ല. ആയതിനാൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റത്തിനാവശ്യമായ നിശ്ചിത യോഗ്യത നേടിയിട്ടുള്ള ജീവനക്കാരുടെ അന്തിമ ലിസ്റ്റ് സീനിയോറിറ്റി ക്രമ പ്രകാരം പ്രസിദ്ധീകരിച്ച് പരാമർശം(10) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാനതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനായി ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളതുമായ ജീവനക്കാരിൽ നിന്നും സീനിയോറ്റിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാർക്ക് അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | യോഗ്യത | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|---|---|
| 1 | ശ്രീമതി. മിനി.ഒ ഓഫീസ് അറ്റൻഡന്റ് വനിത പ്രൊട്ടക്ഷൻ ഓഫീസ്, പത്തനംതിട്ട | 13 | Type Writing Malayalam (Lower) (Higher) Type Writing English (Lower) (higher) Computer word Processing | ജില്ലാ വനിത ശിശു വികസന ഓഫീസ്, കൊല്ലം |
| 2 | ശ്രീമതി സിനി.കെ ഓഫീസ് അറ്റൻഡന്റ് ഐ.സി.ഡി.എസ് ചാവക്കാട് അഡീഷണൽ | 65 | Type Writing Malayalam (Higher) Type Writing English (Higher) Computer word Processing | ഐ.സി.ഡി.എസ് പന്തലായനി |
| 3 | ശ്രീ എസ്. അനിൽ കുമാർ, ഓഫീസ് അറ്റൻഡന്റ് വനിതശിശു വികസന ഡയറക്ടറേറ്റ് | 70 | Type Writing Malayalam (Lower) Type Writing English (Lower) Computer word Processing English | ഐ.സി.ഡി.എസ് നെടുമങ്ങാട് അഡീഷണൽ |

I/89254/2023

ബൈ ട്രാൻസ്ഫർ നിയമനം മുഖേനെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു മാത്രം അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

പ്രിയങ്ക ജി, ഐ.എ.എസ്
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
3 സ്റ്റോക്ക് ഫയൽ

d by Priyanka G
27-03-2023 18:30:15